**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** | **05-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മീഷന്റെ പഠന റിപ്പോർട്ടുകൾ ലഭ്യമാണോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്ക്കരിക്കുന്നതിന് ഡോ. ശ്യാം ബി.മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷൻ അതിന്റെ ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അന്തിമറിപ്പോർട്ട് ഉടൻ സമർപ്പിക്കുമെന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. |
| (ബി) | ക്ലാസുകളിൽ നേരിട്ടുള്ള വിദ്യാഭ്യാസവും കോവിഡ് കാലത്ത് നടത്തിയ ഓൺലൈൻ വിദ്യാഭ്യാസവും സംയോജിപ്പിച്ചുള്ള ടീച്ചിങ് -ലേണിങ് സമ്പ്രദായം പഠനാനുഭവത്തെ എങ്ങനെ ബാധിക്കുമെന്ന് പഠിക്കാൻ പ്രസ്തുത കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഡോ. ശ്യാം ബി. മേനോൻ ചെയർമാനായ ഉന്നത വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷനോട് പരമ്പരാഗത പഠന-ബോധന രൂപങ്ങളും അവയുടെ ഓൺലൈൻ രൂപങ്ങളും പഠിതാവിന്റെ അറിവുത്പാദന ലക്ഷ്യങ്ങൾക്ക് ഏറ്റവും യോജിച്ച വിധത്തിൽ സംയോജിപ്പിക്കുന്നതിന് യുക്തിസഹമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണത്തിലൂടെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിഷയ-ശാഖാന്തരമില്ലാതെ അറിവും നൈപുണ്യവും നേടിയെടുക്കാവുന്ന വിധത്തിൽ പാഠ്യപദ്ധതി രൂപപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഒന്നിലധികം വിഷയങ്ങൾ ഉൾപ്പെടുത്തി മൾട്ടി മേജർ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് അതിലേത് വിഷയവും പഠിക്കാൻ കഴിയുന്ന വിധത്തിൽ നിയമങ്ങൾ ലഘൂകരിക്കുന്ന കാര്യവും യു.ജി.സി യുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് പരിശോധിക്കാൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇൻറർഡിസിപ്ലിനറിയായി കൂടുതൽ കോഴ്സുകൾ ആരംഭിക്കാനും ഇതിന് അനുസൃതമായ രീതിയിൽ പാഠ്യപദ്ധതി രൂപപ്പെടുത്താനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സമഗ്രമായ കരിക്കുലം സിലബസ് പരിഷ്ക്കരണം നടത്താൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കരിക്കുലം പരിഷ്ക്കരിക്കുന്നതിനുള്ള സമഗ്രപരിപാടികൾ നടപ്പിലാക്കുന്നതിന് ഉന്നതവിദ്യഭ്യാസ |

| | | | |
|---|---|---|---|
| | | | കൗൺസിലിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ക്ലാസ് റൂമുകളിൽ മെച്ചപ്പെട്ട ഡിജിറ്റൽ സംവിധാനങ്ങൾ ഒരുക്കാൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. LMS അടക്കമുള്ള സംവിധാനങ്ങളിൽ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്ന പരിപാടികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | യൂ ട്യൂബ് വഴിയുള്ളത് ഉൾപ്പെടെ ഓൺലൈനായി ക്ലാസുകൾ ലഭ്യമാകുന്നത് ക്ലാസ് മുറികളിലെ നേരിട്ടുള്ള അദ്ധ്യാപനത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നുണ്ടെന്ന് കണ്ടെത്തുവാൻ പ്രസ്തുത കമ്മീഷന് നിർദ്ദേശം നൽകുമോ? | (ഡി) | (സി) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ